എൻ ഊര് പദ്ധതി

191(2181) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ഖബംഗ്ലാവുകളും മൃഗശാലകളും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാടിലെ 'എൻ ഊര് ' പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചു ; ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി ; വിശദാംശം ലഭ്യമാക്കാമോ ; നാളിതുവരെ എത്ര രൂപ ഈ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്നും പറയാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ വനഭൂമി ഏറ്റെടുത്തു ; ഇതിന് പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 'എൻ ഊര് ' പദ്ധതിക്കായി നാളിതുവരെ 67,31,482 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ-കം-ഓഫീസ്, ടൈബൽ മാർക്കറ്റ്, ടൈബൽ കഫ്റ്റീരിയ, വെയർഹൗസ്, റോഡുകൾ എന്നിവയുടെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) കാർഷിക വനവിഭവങ്ങൾ, പട്ടികവർഗ്ഗ കരകൗശല വസ്തുക്കൾ എന്നിവയുടെ വിപണനം, ടൂറിസം മേഖല പരിചയപ്പെടുത്തുക എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിതമാർഗ്ഗം ഒരുക്കുന്നതിനും, സർവ്വോപരി മേൽ വിഭാഗത്തിന്റെ സ്വയംപര്യാപ്തതയുടെ ശാക്തീകരണവും 'എൻ ഊര് ' പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ താല്ലാലിക ഓഫീസ് സജ്ജീകരണം, പദ്ധതി ഭൂമിയുടെ കോണ്ടൂർ സർവ്വെ, പദ്ധതിയ്ക്കാവശ്യമായ ഉറവിടങ്ങൾ കണ്ടെത്തുന്നതിനുള്ള സർവ്വെ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണവശങ്ങൾ ആദിവാസി സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.ടി. പ്രൊമോട്ടർമാർ എന്നിവരുടെ പങ്കാളിത്തത്തോടെ നടന്നുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ച് 'എൻ ഊര് ' സ്റ്റാളുകൾ ഒരുക്കുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു. കൂടാതെ പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി നാളിതുവരെ 67,31,482 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) റവന്യൂ (പി) വകുപ്പിന്റെ ജി.ഒ. (എം.എസ്.) നം. 476/94/ആർ. തീയതി 12-9-1994 പ്രകാരം മാനന്തവാടി ടൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് അനുവദിക്കപ്പെട്ടതും, വൈത്തിരി താലൂക്ക്, കന്നത്തിടവക വില്ലേജ്, ബ്ലോക്ക് 25, റീസർവ്വേ

LIBRARY ARCHIVES Kerala Legislative Assembly

122-ൽ പെടുന്നതുമായ 100 ഹെക്ടർ പ്രിയദർശിനി തേയിലത്തോട്ടത്തിൽ ഉൾപ്പെട്ട 10 ഹെക്ടർ ഭൂമിയാണ് പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ഭരണ സമിതി യോഗതീരുമാന പ്രകാരം 'എൻ ഊര് ' പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്. പദ്ധതിക്കായി വനഭൂമി ഏറ്റെടുത്തിട്ടില്ല.

മാതൃകാ പട്ടികവർഗ്ഗ കോളനികൾ

192(2182) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ആദിവാസി കോളനികളെയാണ് മാതൃകാ പട്ടികവർഗ്ഗ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്നും ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 കോളനികളെയാണ് മോഡൽ കോളനി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊല്ലം ജില്ലയിലെ കരിയോട്ടമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കരാപ്പുഴ, വാകേരി, കുഞ്ഞോം എന്നിവയാണ് ടി 5 മോഡൽ കോളനികൾ.

(ബി) ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകളുടെ നിർമ്മാണ ചുമതല കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആണ് നിർവ്വഹിക്കുന്നത്. വീടുകളുടെ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

1. കൊല്ലം ജില്ലയിലെ കരിയോട്ടമല മോഡൽ കോളനിയിൽ 25 വീടുകളിൽ 8 വീടുകളുടെ മേൽക്കൂര നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 4 വീടുകളുടെ റൂഫ് സ്ലാബ് പണികളും ബാക്കി 13 വീടുകളുടെ ഭിത്തിമട്ടം നിർമ്മാണവും പുരോഗമിക്കുന്നു.

2. പത്തനംതിട്ട ജില്ലയിലെ ചാലക്കയം മോഡൽ കോളനിയിലെ വീടുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

3. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി ഞാമലംകുന്ന് മോഡൽ കോളനിയിൽ അനുവദിച്ചിരിക്കുന്ന 25 വീടുകളിൽ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി 3 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly